# ദേശീയ നഗര ഉപജീവന ദൗത്യം നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ (2017 ജൂലൈ – 2020 ജനുവരി)

**സുലൈമാൻ പി പി, സിറ്റി മിഷൻ മാനേജർ**

**കുടുംബശ്രീ - ദേശീയ നഗര ഉപജീവന ദൗത്യം, മട്ടന്നൂർ, ഇരിട്ടി നഗരസഭ**

**തൊഴിൽ നൈപുണ്യ പരിശീലനവും തോഴിലും**

നഗര ദരിദ്രരിൽ ഉൾപ്പെടുന്ന യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടിക്കൊടുക്കുന്നതിനായി നടത്തിയ പരിശീലനത്തിൽ ഉൾപ്പെടുത്തി 56 പേർക്ക് കണ്ണൂർ കോർപറേഷൻലും, 22 പേർക്ക് ശ്രീകണ്ഠപുരം നഗരസഭയിലും, 19 പേർക്ക് കുത്തുപറമ്പ നഗരസഭയിലും, 7 പേർക്ക് ആന്തൂർ നഗരസഭയിലും, 107 പേർക്ക് മട്ടന്നൂർ നഗരസഭയിലും 130 പേർക്ക് ഇരിട്ടി നഗരസഭയിലും ആകെ 341 പേർക്ക് പരിശീലനം നൽകി അതിൽ ആകെ 119 പേർക്ക് നിയമനം ലഭ്യമാക്കുകയും ചെയ്തു.

ഇതിലേക്കായി കണ്ണൂർ കോർപറേഷൻ, ശ്രീകണ്ഠപുരം, കുത്തുപറമ്പ, ആന്തൂർ, മട്ടന്നൂർ, ഇരിട്ടി നഗരസഭകളിൽ യുവതീ യുവാക്കളെ ഉൾപ്പെടുത്തി ഒരുപ്രത്യേക മീറ്റിംഗ് വിളിച്ചുചേർക്കുകയും പ്രസ്തുത പരിപാടിയിൽ ആകെ 700 യുവതീയുവാക്കൾ പങ്കെടുക്കുകയുണ്ടായി ഇവരിൽ നിന്നും യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് അനുയോജ്യമായ പരിശീലനങ്ങളക്ക് ചേർക്കുകയാണ് ചെയ്തത്.

**സ്വയം തൊഴിൽ പദ്ധതി**

നഗര ദരിദ്രരിൽ സ്വയം തൊഴിൽ ആരംഭിക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി കുടുംബശ്രീ ദേശീയ നഗര ഉപജീവന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളുമായി ബന്ധപ്പെടുത്തി പലിശസബ്സിഡി ഇനത്തിൽ വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് സാമ്പത്തീക ഉന്നമനം ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 7 വ്യക്തിഗത സംരംഭങ്ങളും 3 കൂട്ട് സംരംഭങ്ങളും കണ്ണൂർ കോർപറേഷൻലും, 1 വ്യക്തിഗത സംരംഭങ്ങളും 4 കൂട്ട് സംരംഭങ്ങളും ശ്രീകണ്ഠപുരം നഗരസഭയിലും, 7 വ്യക്തിഗത സംരംഭങ്ങൾ കുത്തുപറമ്പ നഗരസഭയിലും, 23 വ്യക്തിഗത സംരംഭങ്ങളും 1 കൂട്ട് സംരംഭങ്ങളും മട്ടന്നൂർ നഗരസഭയിലും 14 വ്യക്തിഗത സംരംഭങ്ങളും 12 കൂട്ട് സംരംഭങ്ങളും ഇരിട്ടി നഗരസഭയിലും ആകെ 72 സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ആകെ 129 പേർക്ക് ഉപജീവന മാർഗം ഉറപ്പുവരുത്തുകയും ചെയ്തു.
സംരംഭകത്വ വികസന പരിശീലനം: ഇതിനായി കുടുംബശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകം സംരംഭകത്വ വികസന പരിശീലനം നൽകുകയും ഇതിലൂടെ സംരംഭകത്വ കഴിവുകൾ ഉൽഘോഷിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു.

**വനിതകളുടെ കെട്ടിട നിർമാണ യൂണിറ്റ്**

കുടുംബശ്രീ അംഗങ്ങളെ ഉള്‍പെടുത്തിക്കൊണ്ട് പ്രത്യേകം പരിശീലനം നൽകിക്കൊണ്ട് ഒരു കെട്ടിട നിർമാണ യൂണിറ്റ് രൂപീകരിച്ചു. 10 വനിതകളെ ഉൾപെടുത്തിക്കൊണ്ട് ഇരിട്ടി നഗരസഭയിലും മട്ടന്നൂർ നഗരസഭയിലും ഓരോ കെട്ടിട നിർമാണ യൂണിറ്റുകൾ തുടങ്ങുകയും, ഇരിട്ടി നഗരസഭയിൽ പ്രസ്തുത നിർമാണ യൂണിറ്റ് പ്രധാൻ മന്ത്രി ആവാസ് യോജന പദ്ധതി പ്രകാരമുള്ള ഒരു വീട് ഏറ്റെടുക്കുകയും വളരേ ഭംഗിയായി വീട് നിർമിച്ച് നൽകുകയും ചെയ്തു.

കുടുംബശ്രീ സ്നേഹവീട്

കുടുംബശ്രീ അംഗങ്ങളായ സാമ്പത്തീകമായി വളരെ പിന്നോക്കം നിൽക്കുന്നതും താമസിക്കാൻ ഒരു കൂര ഇല്ലാത്തവരുമായവർക്ക് മട്ടന്നൂർ നഗരസഭാ കുടുംബശ്രീ സി ഡി എസ് നേതൃത്വം നൽകി വീട് നിർമിച്ചു നൽകുന്ന സി ഡി എസിൻറെ പ്രത്യേകം പദ്ധതിയാണ് കുടുംബശ്രീ സ്നേഹവീട്. മട്ടന്നൂർ നഗരസഭയിൽ രൂപീകരിച്ച കെട്ടിട നിർമാണ യൂണിറ്റ് ഏറ്റെടുത്ത് സ്നേഹവീട് പദ്ധതിപ്രകാരം ആദ്യത്തെ വീട് നിർമിച്ച് നൽകുകയും രണ്ടാമത്തെ വീടിൻറെ നിർമാണ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**തെരുവോര കച്ചവടക്കാർക്കുള്ള പിന്തുണ**

നഗരത്തിൽ ഏറ്റവും കൂടുതൽ പ്രശനങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗമാണ് തെരുവോര കച്ചവടക്കാർ, നിരന്തരം സ്ഥലം ഒഴിപ്പിക്കലും മറ്റ് വിവിധ പ്രശനങ്ങൾ ഉന്നയിച്ചുകൊണ്ട് കച്ചവടങ്ങൾക്ക് വിവിധ മേഖലകളിൽ നിന്നും പല വിധങ്ങളിലായുള്ള ചോദ്യങ്ങൾ നേരിടേണ്ടിവരുന്നവരായ ഇത്തരം കച്ചവടക്കാരാണ് നഗരത്തിലെ സാധാരണ ജനങ്ങളുടെ ആശ്രയം,കുറഞ്ഞ വിലയിൽ മൂല്യമുള്ള ഉൽപന്നങ്ങൾ ലഭിക്കും എന്നുള്ളതിനാൽ കൂടുതൽ പേരും ഇവരെ ആശ്രയിക്കുന്നു. ഈ വിഭാഗം നഗര ദരിദ്രരെ സാമ്പത്തീക സ്രോതസ് ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ദേശീയ നഗര ഉപജീവന യജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതിയാണ് തെരുവോര കച്ചവടക്കാർക്കുള്ള പിന്തുണ. ഈ ഘടകപ്രകാരം തെരുവോര കച്ചവടക്കാരെ കണ്ടെത്തിയതിൽ വിവിധ തലങ്ങളിലെ പരിശോധനകൾ നടത്തി നഗര തെരുവോര കച്ചവട സമിതിയിൽ അവതരിപ്പിച്ച് കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 474 തെരുവോര കച്ചവടക്കാരെ കണ്ടെത്തിയതിൽ ആദ്യഘട്ടത്തിൽ 10 പേർക്കും രണ്ടാം ഘട്ടം പുനർപരിശോധന നടത്തി 264 പേർക്ക് ബിയോമെട്രിക് ഐഡി കാർഡ് നൽകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. ശ്രീകണ്ഠപുരം നഗരസഭയിൽ കണ്ടെത്തിയ 52 പേർക്കും തിരിച്ചറിയൽ കാർഡ് നൽകി, കൂത്തുപറമ്പ് നഗരസഭയിൽ കണ്ടെത്തിയ 94 പേർക്കും തിരിച്ചറിയൽ കാർഡ് നൽകി, ആന്തൂർ നഗരസഭയിൽ കണ്ടെത്തിയ 43 പേർക്കും തിരിച്ചറിയാൽ കാർഡ് നൽകുകയും, മട്ടന്നൂർ നഗരസഭയിൽ അധികമായി കണ്ടെത്തിയ 3 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി, ഇരിട്ടി നഗരസഭയിൽ രണ്ടാംഘട്ട സർവ്വേയിൽ കണ്ടെത്തിയ 20 തെരുവോര കച്ചവടക്കാരിൽ 18 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി ആകെ 474 തെരുവോര കച്ചവട ക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകി.

**തെരുവോര കച്ചവടക്കാരിൽ സ്വയം തൊഴിൽ**

ഇരിട്ടി നഗരസഭയിൽ തെരുവോര കച്ചവടക്കാരിൽ ഒരാളെ ഉൾപ്പെടുത്തി സ്വയം തൊഴിൽ സംരംഭം ആരംഭിക്കാൻ സാധിച്ചു.

**വനിതാ തെരുവോര കച്ചവടക്കാരും കുടുംബശ്രീയും**

ഇരിട്ടി നഗരസഭയിൽ സർവ്വേയിൽ കണ്ടെത്തിയ 37വനിതാ തെരുവോര കച്ചവടക്കാരിൽ 24 വനിതകളെ കുടുംബശ്രീ അംഗങ്ങളാക്കാൻ സാധിച്ചു.

**സാമൂഹീക സംഘാടനവും സ്ഥാപന വികസനവും**

കുടുംബശ്രീയുടെ സുപ്രധാന ഘടകമായ അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശാക്തീകരണവും മിതവ്യയ സംവിധാനം, ആന്തരീക വായ്പ, ബാങ്കുമായി ബന്ധപ്പെടുത്തിയുള്ള പലിശ സബ്സിഡിയോടുകൂടിയുള്ള വായ്പ സംവിധാനം എന്നിവ ഉൾപ്പെടുന്ന ഈ ഘടകത്തിൽ,

ഈ കാലയളവിൽ കണ്ണൂർ കോർപറേഷനിൽ 140 അയൽക്കൂട്ടങ്ങളും, ശ്രീകണ്ഠപുരം നഗരസഭയിൽ 12 അയൽക്കൂട്ടങ്ങളും, കൂത്തുപറമ്പ് നഗരസഭയിൽ 20 അയൽക്കൂട്ടങ്ങളും ആന്തൂർ നഗരസഭയിൽ 7 അയൽക്കൂട്ടങ്ങളും തലശ്ശേരി നഗരസഭയിൽ 2 അയൽക്കൂട്ടങ്ങളും മട്ടന്നൂർ നഗരസഭയിൽ 36 അയൽക്കൂട്ടങ്ങളും, ഇരിട്ടി നഗരസഭയിൽ 55 അയൽക്കൂട്ടങ്ങളും ചേർത്ത് ആകെ 272 അയക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു. ഇങ്ങനെ രൂപീകരിച്ച അയൽക്കൂട്ടങ്ങൾ മുഖാന്തിരം 4600 ൽ പരം വനിതകളെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കാനും അവരിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും പലരെയും സ്വയം തൊഴിൽ മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സാധിച്ചു.

നിലവിൽ രൂപീകരിച്ച അയൽക്കൂട്ടങ്ങളിൽ നിർജീവമായവയിൽ മട്ടന്നൂർ നഗരസഭയിൽ 1 ഇരിട്ടി നഗരസഭയിൽ 2 കണ്ണൂർ കോർപറേഷനിൽ 7 അയൽക്കൂട്ടങ്ങളും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

**റിവോൾവിങ് ഫണ്ട്**

ഈ കാലയളവിൽ കണ്ണൂർ കോർപറേഷനിൽ 65 എ ഡി എസുകൾക്കും 202 അയൽക്കൂട്ടങ്ങൾക്കും, ശ്രീകണ്ഠപുരം നഗരസഭയിൽ 20 എ ഡി എസുകൾക്കും 244 അയൽക്കൂട്ടങ്ങൾക്കും, കൂത്തുപറമ്പ് നഗരസഭയിൽ 6 അയൽക്കൂട്ടങ്ങൾക്കും റിവോൾവിങ് ഫണ്ട് ലഭ്യമാക്കിക്കൊടുക്കുന്നതിനും കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 250 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് സംസ്ഥാന മിഷനിൽനിന്നും അനുമതി ലഭ്യമാക്കുകയും ചെയ്തു.

**അയൽക്കൂട്ടങ്ങൾക്കായുള്ള ലിങ്കേജ് വായ്പ**

ഈ കാലയളവിൽ ബാങ്കുമായി ബന്ധപ്പെടുത്തി പലിശ സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുന്നതിൽ കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 178 അയൽക്കൂട്ടങ്ങൾക്കായി 49247000 രൂപയും, ശ്രീകണ്ഠപുരം നഗരസഭയിൽ 103 അയൽക്കൂട്ടങ്ങൾക്ക് 32643000 രൂപയും, കൂത്തുപറമ്പ് നഗരസഭയിൽ 49 അയൽക്കൂട്ടങ്ങൾക്കായി 18940000 രൂപയും, ആന്തൂർ നഗരസഭയിൽ 10 അയൽക്കൂട്ടങ്ങളാക്കായി 2600000 രൂപയും തലശ്ശേരി നഗരസഭയിൽ 16 അയൽക്കൂട്ടങ്ങൾക്കായി 5310000 രൂപയും, മട്ടന്നൂർ നഗരസഭയിൽ 98 അയൽക്കൂട്ടങ്ങൾക്കായി 40305000 രൂപയും ഇരിട്ടി നഗരസഭയിൽ 84

അയൽക്കൂട്ടങ്ങൾക്കായി 30055000 രൂപയും ഉൾപ്പെടെ ആകെ 538 അയൽകൂട്ടങ്ങൾക്ക് 179100000 രൂപ ലഭ്യമാക്കാൻ സാധിച്ചു.

**റിലേഷൻഷിപ് കേരള**

2019-20 സാമ്പത്തീക വർഷത്തെ കുടുംബശ്രീ മിഷൻറെ പ്രത്യേക പ്രവർത്തനത്തിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത കർമ്മ പരിപാടിയാണ് റിലേഷൻഷിപ് കേരള. ഇതിലൂടെ സമൂഹത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന/ മാറ്റി നിർത്തപ്പെടുന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേകം അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത വർഷം വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും കുടുംബശ്രീ സംവിധാനത്തിൽ ചേർത്ത് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത്തിലേക്കായി മട്ടന്നൂർ നഗരസഭയിൽ 33 വയോജന അയൽക്കൂട്ടങ്ങളും 3 ഭിന്നശേഷി അയൽക്കൂട്ടങ്ങളും രൂപീകരിക്കുകയുണ്ടായി ഇരിട്ടി നഗരസഭയിൽ 33 വയോജന അയൽക്കൂട്ടങ്ങളും 3 ഭിന്നശേഷി അയൽക്കൂട്ടങ്ങളും രൂപീകരിക്കുകയുണ്ടായി.

**നഗരത്തിൽ അന്തിയുറങ്ങുന്നവർക്കായുള്ള പിന്തുണ**

ദേശീയ നഗര ഉപജീവന യജ്ഞത്തിൻറെ പ്രത്യേക ഘടകമായ നഗരത്തിൽ അന്തിയുറങ്ങുന്നവർക്കായുള്ള പിന്തുണ നൽകുന്നതിന് കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ ഉള്ള അഭയനികേഥൻ എന്ന സ്ഥാപനം അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുന്നതിനായി 5000000 രൂപ നുവദിച്ച് ലഭ്യമായിരുന്നു ആയത് നിർമിതി കേന്ദ്രയെ ഏല്പിച്ചു ആയതിൻറെ പ്രവർത്തനം 70% പൂർത്തീകരിക്കാൻ സാധിച്ചു.

## <u>പ്രത്യേക പരിപാടികൾ</u>

**കിറ്റ് ഇൻഡ്യ റാലി**

കുടുംബശ്രീ സംസ്ഥാന മിഷൻറെ ഉത്തരവ് പ്രകാരം കിറ്റ് ഇൻഡ്യ റാലികൾ എല്ലാ നഗരസഭകളിലും തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ നടത്തുകയുണ്ടായി. ഇതിൻറെ ഭാഗമായി കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 4 എ ഡി എസുകളിലും ശ്രീകണ്ഠപുരം നഗരസഭയിൽ 2 എ ഡി എസുകളിലും കുത്തുപറമ്പ നഗരസഭയിൽ 3 എ ഡി എസുകളിലും തലശ്ശേരി നഗരസഭയിൽ 5 എ ഡി എസുകളിലും ആന്തൂർ നഗരസഭയിൽ 2 എ ഡി എസുകളിലും പ്രത്യേകം റാലികൾ നടത്തുകയും റാലികൾക്ക് ശേഷമുള്ള പൊതു സമ്മേളനത്തിൽ കുടുംബശ്രീ പദ്ധതികളെ കുറിച്ചും നിർവഹണത്തെകുറിച്ചും അവതരിപ്പിക്കുകയും ചെയ്തു.

**സ്പർശം ക്യാമ്പയിൻ**

നഗര പ്രദേശങ്ങളിൽ അധിവസിക്കുന്ന നഗര ദരിദ്രരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, ഇത്തരത്തിലുള്ള നഗര ദരിദ്രരെ കുടുംബശ്രീയുടെയും മറ്റ് ഗവൺമെൻറ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കുടുംബശ്രീ അംഗങ്ങളാക്കുന്നതിനും താഴേക്കിടയിൽനിന്നും തന്നെ വിവരങ്ങൾ ശേഖരിച്ച് പദ്ധതികൾ തയാറാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാനമിഷൻറെ നേതൃത്വത്തിൽ പ്രാത്യേകം നടപ്പിലാക്കിയ ഒരു മാസ ക്യാമ്പയിൻ ആണ് സ്പർശം ക്യാമ്പയിൻ,പ്രസ്തുത ക്യാമ്പയിൻ

പ്രകാരം എല്ലാ നഗരസഭ/കോപ്പറേഷൻ എന്നിവിടങ്ങളിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് നേരിട്ട് വിവരങ്ങൾ ശേഖരിക്കുകയും, ആ വിവരങ്ങൾ ഉൾപെടുത്തിക്കൊണ്ട് ഒരുവർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തനം കാഴ്ചവെക്കാൻ സാധിച്ചു.

**ഷെഹരി സമൃദ്ധി ഉത്സവ്**

ദേശീയ നഗര ഉപജീവന ദൗത്യത്തിൻറെ ഭാഗമായി ദേശീയ മിഷൻറെ ഉത്തരവ് പ്രകാരം നടത്തിയ പ്രത്യേക പരിപാടിയാണ് ഷെഹരി സമൃദ്ധി ഉത്സവ് ഈ പരിപാടിയുടെ ഭാഗമായി ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെയും മറ്റ് കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സമൂഹ്യ ക്ഷേമ പദ്ധതികളുടെയും പ്രചാരണത്തിനായി വിളംബര ഘോഷയാത്ര നടത്തുകയും, വാർഡ് തലങ്ങളിൽ പ്രത്യേകം പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് വിവിധ സർക്കാർ ക്ഷേമ പദ്ധതികളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തു.

ഈ പരിപാടിയുടെ ഭാഗമായി മട്ടന്നൂർ നഗരസഭയിൽനിന്നും 98 പേർക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പാചക ഗ്യാസ് സൗകര്യവും, 51 പേർക്ക് ജൻധൻ യോജന പദ്ധതിപ്രകാരം ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയും, 54 പേരെ സർക്കാറിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികളിൽ അംഗങ്ങളാക്കുകയും ചെയ്തു. ഇരിട്ടി നഗരസഭയിൽനിന്നും 81 പേർക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പാചക ഗ്യാസ് സൗകര്യവും, 32 പേർക്ക് ജൻധൻ യോജന പദ്ധതിപ്രകാരം ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുകയും, 32 പേരെ സർക്കാറിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികളിൽ അംഗങ്ങളാക്കുകയും ചെയ്തു.

**സ്കിൽ ഗ്യാപ് അനാലിസിസ്**

കുടുംബശ്രീ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയിലെ ഉപ ഘടകമായ തൊഴിൽ നൈപുണ്യ പരിശീലനവും തൊഴിലും എന്ന ഘടകത്തിൽ ഓരോ നഗരസഭയിലെ/കോർപറേഷനിലെ തൊഴിൽ നൈപുണ്യ പരിശീലനം നേടുന്നവർക്ക് തൊഴിൽ സാധ്യത കണ്ടെത്തുന്നതിനും പ്രാദേശീകമായി ലഭ്യമായ തൊഴിൽ സാധ്യതകൾക്കനുസരിച്ച് നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഒരു പഠനം നടത്തുന്നതിനായി നടപ്പിലാക്കിയ ഒരു വിഷയ കേന്ദ്രീകൃത ചർച്ചയാണ് സ ്കിൽ ഗ്യാപ് അനാലിസിസ്. ഇതിലേക്കായി മട്ടന്നൂർ നഗരസഭയിൽ നടത്തിയ ചർച്ചയിൽ 11 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും 10 ന് മുകളിൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുവാനും സാധിച്ചു. ഇരിട്ടി നഗരസഭയിൽ നടത്തിയ ചർച്ചയിൽ 10 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും 12 ന് മുകളിൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുവാനും സാധിച്ചു.

**എസ് ഇ പി ഗ്യാപ് അനാലിസിസ്**

ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഉപഘടകമായ സ്വയം തൊഴിൽ ഘടകത്തിന്റെ ഭാഗമായി നഗര പ്രദേശത്ത് തുടങ്ങാൻ കച്ചവട സാധ്യതയുള്ള സംരംഭങ്ങൾ കണ്ടെത്തുന്നതിനായി

ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിലൂടെ മട്ടന്നൂർ, ഇരിട്ടി നഗരസഭകളിൽ 5 ന് മുകളിൽ സംരംഭ സാധ്യതകൾ കണ്ടെത്തുവാൻ സാധിച്ചു.

**111 സംരംഭങ്ങളുടെ തുടക്കം**

മട്ടന്നൂർ നഗരസഭ കുടുംബശ്രീ സിറ്റി മിഷൻ മാനേജ്മെൻറ് യൂണിറ്റിൻറെയും സി ഡി എസിൻറെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പ്രത്യേകം പ്രവർത്തനമാണ് ഒരു സി ഡി എസിൽ 111 സംരംഭങ്ങൾ ഇതിനായി വിവിധ പദ്ധതികളെകുറിച്ച് പഠിക്കുകയും അനുയോജ്യമായ ഏറ്റെടുക്കാൻ സാധിക്കുന്ന പദ്ധതികൾ കണ്ടെത്തുകയും ഇതിനെ കുറിച്ച് വിവരിക്കുകന്നതിനായി നഗരസഭ കൗൺസിൽ മീറ്റിങ്ങിൽ അവതരിപ്പിക്കുകയും സി ഡി എസിൽ പ്രത്യേകം സി ഡി എസ് പൊതുസഭയും എല്ലാ വാർഡുകളിലും പ്രത്യേകം വാർഡ്സഭകളും എ ഡി എസ് പൊതുസഭകളും വിളിച്ച് ചേർത്ത് സംരംഭകത്വത്തിന് ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ വിവരിക്കുകയും ഇങ്ങനെ സംരംഭകർ ആവാൻ താൽപര്യമുള്ളവരെ കണ്ടെത്തുകയും, ആ സംരംഭകർക്കായി പ്രത്യേകം സംരംഭകത്വ വികസന പരിശീലനവും നൽകി പ്രാപ്തരാക്കിയെടുക്കുകയും അവർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വായ്പ ലഭ്യമാക്കി വിവിധ സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതിൻറെ ഭാഗമായി കുടുംബശ്രീ സി ഡി എസും കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനും സംയുക്തമായി ചേർന്ന് സംരംഭകർക്കായി സംരംഭകത്വ വായ്പ പദ്ധതിയിൽ നിന്നും വായ്പ നൽകിക്കൊണ്ടും നഗരസഭയുടെ പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ടും കുടുംബശ്രീ ദേശീയ നഗര ഉപജീവന യജ്ഞം - സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും ആകെ 111 സംരംഭങ്ങൾ തുടങ്ങുകയും ഇങ്ങനെ 135 ആൾക്കാർക്ക് ഉപജീവനം ഉറപ്പുവരുത്തുകയും ചെയ്യാൻ സാധിച്ചു.

**ഉയരെ 2019 മട്ടന്നൂർ കുടുംബശ്രീ മേളയും ഭക്ഷ്യമേളയും**

മട്ടന്നൂർ നഗരസഭ കുടുംബശ്രീ സി ഡി എസിൻറെ നേതൃത്വത്തിൽ 4 ദിവസം തുടർച്ചയായ കുടുംബശ്രീ മേള മട്ടന്നൂർ ടൗണിൽ വെച്ച് നടത്തുകയുണ്ടായി. പ്രസ്തുത മേളയിൽ മെഗാ തൊഴിൽ മേള, വയോജന അയൽക്കൂട്ട അംഗങ്ങളുടെ സംഗമവും മെഡിക്കൽ ക്യാമ്പും, പ്രധാനമന്ത്രി ആവാസ് യോജന ലൈഫ് ഗുണഭോക്താക്കളുടെ സംഗമം, 111 സംരംഭഗങ്ങളുടെ ഉദ്ഘടനം, 4 ദിവസം നീണ്ടുനിന്ന കുടുംബശ്രീ ഭക്ഷ്യമേള, കുടുംബശ്രീ സംരംഭകരുടെ ഉൽപന്ന പ്രദർശനവും വിപണനവും എന്നിങ്ങനെയുള്ള പരിപാടികൾ ചേർന്നതായിരുന്നു ഉയരെ 2019 മട്ടന്നൂർ കുടുംബശ്രീ ഫെസ്റ്റ്. 4 ദിവസം തുടർച്ചയായി നടന്ന ഭക്ഷ്യമേളയിൽ 6 കയറ്ററിങ് സംരംഭങ്ങൾ പങ്കെടുക്കുകയും 307390 രൂപ വിറ്റുവരവും സംരംഭങ്ങളുടെ ഉൽപന്ന വിപണനത്തിൽ 100000 രൂപയിൽപരം വിറ്റുവരവും ലഭ്യമായി.

**മെഗാ താഴിൽ മേള**

മുൻകാലത്ത് നഗരസഭകളിൽ നടത്തിയ സ്കിൽ ഗ്യാപ് അനാലിസിസ് പ്രകാരം കണ്ടെത്തിയ താഴിൽ സാധ്യതകളും തൊഴിൽ ദാതാക്കളെയും ഉൾപെടുത്തിയും കൂടാതെ മട്ടന്നൂർ ഇരിട്ടി നഗരസഭകളുടെ സമീപ പ്രദേശങ്ങളിലെ വിവിധ സ്ഥാപനങ്ങളെയും ജില്ലയിലെ പ്രമുഖ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഒരു തൊഴിൽമേള നടത്തുകയുണ്ടായി. പ്രസ്തുത മെഗാ താഴിൽ മേളയിൽ 23 തൊഴിൽ ദാതാക്കളും 1210 ഉദ്യോഗാർഥികളും പങ്കെടുത്തു. തൊഴിൽമേള മുകാന്തിരം 132 പേർക്ക് അന്നേ

ദിവസം തന്നെ ജോലി ലഭിക്കുകയും 200 ന് മുകളിൽ ഉദ്യോഗാർത്ഥികളെ രണ്ടാംഘട്ട കൂടിക്കാഴ്ചക്ക് തുരഞ്ഞെടുക്കുകയും ചെയ്തു.

**വയോജന സംഗമം**

വയോജന അയൽക്കൂട്ടങ്ങളുടെ നിരന്തരമായ ശുപാർശ പ്രകാരം സംഘടിപ്പിച്ച വയോജന സംഗമത്തിൽ വയോജന അയൽക്കൂട്ട അംഗങ്ങളുടെ കലാ പരിപാടികളും ആരോഗ്യവകുപ്പും സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് മെഡിക്കൽ ക്യാമ്പും നടത്തുകയുണ്ടായി.